**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1019** **27-07-2021 - ൽ മറുപടിയ്ക്ക്**

**ഹരിതം ഹരിപ്പാട് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | **Shri. P. Prasad**<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഹരിതം ഹരിപ്പാട് കാർഷിക വികസന പദ്ധതിയുടെ ഭാഗമായി ഇപ്പോൾ അനുവദിച്ചിട്ടുള്ള പ്രവർത്തികളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ; | (എ) | ആർ.കെ.വി.വൈ 2019-20 ഹരിതം ഹരിപ്പാട് പ്രോജക്ടിൽ ഉൾപ്പെടുത്തി ഹരിപ്പാട് മുനിസിപ്പാലിറ്റി , പള്ളിപ്പാട്, ചെറുതന, കരുവാറ്റ പഞ്ചായത്തുകളിലായി 496.91 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തികൾക്കാണ് അനുമതി ലഭിച്ചിരുന്നത്. ഇതിൽ തോട് ആഴം കൂട്ടൽ - 23885 മീറ്റർ, കരിങ്കൽ ഭിത്തി സംരക്ഷണം ഉയരം കൂട്ടൽ - 2050 മീറ്റർ, റാമ്പുകൾ - 37 എണ്ണം, എഞ്ചിൻ റൂം - 1, എഞ്ചിൻ ഷെഡ് - 22 എണ്ണം, കൾവർട്ട് - 16, പൈപ്പ് കൾവർട്ട് -2 , സ്ലൂയിസുകൾ - 4, പെട്ടി-പറ മോട്ടോർ - 4 എണ്ണം, മോട്ടോർ - 3 എണ്ണം എന്നിവ ഉൾപ്പെട്ടിരുന്നു. ഹരിപ്പാട് മുനിസിപ്പാലിറ്റി , പള്ളിപ്പാട്, ചെറുതന പഞ്ചായത്തുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗതിയിലായിരുന്നു. മഴ മൂലം ജലനിരപ്പ് ഉയർന്നതു കൊണ്ട് താൽക്കാലികമായി 12.07.2021 മുതൽ നിർത്തി വയ്ക്കപ്പെട്ടിരിക്കുകയാണ്. ക്രമീകരിച്ചിരിക്കുന്ന പ്രവർത്തികൾക്ക് നാളിതു വരെ 37% പുരോഗതി കൈവരിച്ചിട്ടുണ്ട്. ജലനിരപ്പ് താഴുന്ന മുറയ്ക്ക് പ്രവർത്തികൾ പുനരാരംഭിക്കുന്നതാണ്. |
| (ബി) | ഏതെല്ലാം പദ്ധതികൾ ഇനി ടെണ്ടർ ചെയ്യാനുണ്ടെന്നും ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് മുതൽ ആരംഭിക്കാൻ സാധിക്കുമെന്നും അറിയിക്കാമോ; | (ബി) | കരുവാറ്റ പഞ്ചായത്തിലെ പദ്ധതികൾ ഇനി ടെണ്ടർ ചെയ്യാനുണ്ട്. കരുവാറ്റ പഞ്ചായത്തിലെ പ്രവർത്തികൾക്ക് റിവിഷൻ ആവശ്യമായി വരികയും, റീകാസ്റ്റ് എസ്റ്റിമേറ്റ് തയാറാക്കിയത് സർക്കാരിന്റെ ആർ.കെ.വി.വൈ പദ്ധതിയിൽ പരിഗണനയിലുമാണ്. |
| (സി) | പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ടത്തിന്റെ ഭാഗമായി ഉദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | (സി) | പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പള്ളിപ്പാട് പഞ്ചായത്തിലെ വിവിധ പാടശേഖരങ്ങളുടെ തുടർ പ്രവർത്തനങ്ങൾക്കായി ആർ.കെ.വി.വൈ 2021-22 സ്കീമിൽ ഉൾപ്പെടുത്തി പദ്ധതി തയാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ